**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1354** **03-02-2026-ൽ മറുപടിയ്ക്ക്**

**<u>നിർമ്മാണത്തിലെ അപാകത മൂലമുണ്ടാകുന്ന ദേശീയപാതയിലെ അപകടങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. സണ്ണി ജോസഫ്

ശ്രീ. സണ്ണി ജോസഫ്

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീമതി കെ. കെ. രമ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. ബഷീർ

(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** ദേശീയപാത 66-ന്റെ വിവിധ റീച്ചുകളിൽ നിർമ്മാണത്തിലെ അപാകത മൂലം അപകടം ഉണ്ടാകുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ദേശീയപാത 66 നിർമ്മാണവുമായി ബന്ധപ്പെട്ട ഉണ്ടായ അപാകതകൾ സംസ്ഥാന സർക്കാർ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെയും, കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തുകയും ആവശ്യമായ നടപടികൾ ആവശ്യപ്പെടുകയും ചെയ്തിരുന്നു. കൊട്ടിയത്തെ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രിയെ രേഖാമൂലം ഗൗരവാവസ്ഥ അറിയിച്ചിരുന്നു. കൊട്ടിയത്തെ സംഭവവുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചതായി NHAI അറിയിച്ചിട്ടുണ്ട്

സാങ്കേതിക പരിശോധനയിൽ പ്രദേശത്തെ മണ്ണിന്റെ ദുർബലമായ സ്വഭാവവും, അധിക ഭാരം താങ്ങാനുള്ള കഴിവില്ലായ്മയുമാണ് തകർച്ചയ്ക്ക് കാരണമായത് എന്നാണ് NHAI യുടെ നിഗമനം. ഐ.ഐ.ടി വിദഗ്ധർ ഉൾപ്പെടെയുള്ളവരെ ഉൾപ്പെടുത്തി ഉന്നതതല വിദഗ്ധ സമിതി രൂപീകരികരിക്കുകയും, സ്ഥലസന്ദർശനം നടത്തി സമിതി നൽകിയ ശിപാർശകളുടെ അടിസ്ഥാനത്തിൽ പരിഹാര നടപടികളും, തകർച്ച സംഭവിച്ച ഭാഗത്ത് സ്ഥിരത ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

ഇത് കൂടാതെ തകർച്ചയ്ക്ക് ഉത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിച്ച് വരുന്നതായും പരിഹാര നടപടികളും, തകർച്ച സംഭവിച്ച ഭാഗത്ത് സ്ഥിരത ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളും പ്രവർത്തനങ്ങൾ കൺസഷണയറുടെ റിസ്ക് & കോസ്റ്റിൽ നടത്തിവരുന്നതായും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.Z

**(ബി)** പ്രസ്തുത ദേശീയ പാതയിൽ കൊല്ലം ജില്ലയിലെ കൊട്ടിയത്തടക്കമുള്ള സ്ഥലങ്ങളിൽ റോഡ് തകർന്ന സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** എ പിരിവിന്റെ അതേ മറുപടി

**(സി)** പ്രസ്തുത ദേശീയ പാത നിർമ്മാണം സംസ്ഥാനത്തിന്റെ പ്രത്യേക ഭൂപ്രകൃതിയ്ക്കും കാലാവസ്ഥയ്ക്കും അനുസൃതമായാണോ നടത്തുന്നതെന്ന് വ്യക്തമാക്കാമോ; എങ്കിൽ ആയത് ഉറപ്പുവരുത്താൻ നടത്തിയ ഇടപെടൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

**മറുപടി:** ദേശീയപാത അതോറിറ്റി നടപ്പാക്കുന്ന ദേശീയപാത 66 ന്റെ 17 സ്ട്രെച്ചുകളിൽ (പൂർത്തിയായതും പുരോഗമിക്കുന്നതും) Reinforced Soil (RS) Wall ഉൾപ്പെടെയുള്ള എല്ലാ സ്ട്രക്ചറുകളുടെയും മണ്ണ് പരിശോധനയുൾപ്പെട്ടുള്ള ലാബ് പരിശോധനകൾ നടത്തുന്നതിനായി പത്ത് പ്രത്യേക വിദഗ്ധ ഏജൻസികളെ ഏർപ്പെടുത്തി സമഗ്ര ജിയോടെക്നിക്കൽ പഠന പരിപാടി (Comprehensive Geo technical Programme) ആരംഭിച്ചിട്ടുണ്ട്. വിദഗ്ധ സമിതിയുടെ കണ്ടെത്തലുകൾ, ജിയോടെക്നിക്കൽ പഠന റിപ്പോർട്ടുകൾ, സാമൂഹിക പരിഗണനകൾ എന്നിവ സംയുക്തമായി പരിശോധിച്ച ശേഷം ഓരോ Reinforced Soil (RS) Wall ന്റെയും ഡിസൈൻ, നിർമ്മാണം എന്നിവ പുനഃപരിശോധിച്ച ശേഷം, ആവശ്യമായിടത്ത് ശക്തിപ്പെടുത്തൽ, പുനർരൂപകൽപ്പന, അഥവാ പൊളിച്ച് നീക്കി വയഡക്ട് (Viaduct)നിർമ്മാണം എന്നിവ പരിഗണിക്കുന്നതാണ് എന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. നിർദ്ദിഷ്ട സുരക്ഷയും സ്ഥിരതാ മാനദണ്ഡങ്ങളും പൂർണമായി പാലിച്ച ശേഷമേ ഏതൊരു റോഡ് ഭാഗവും ഗതാഗതത്തിനായി തുറന്നുകൊടുക്കുകയുള്ളൂ എന്ന് ദേശീയപാത അതോറിറ്റി ഉറപ്പ് നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**